**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1045** **27-07-2021 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനു നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ കാവാലം പഞ്ചായത്തിൽ മാണിക്യമംഗലം കായൽ പാടശേഖരത്തിൽ രണ്ടായിരത്തി ഇരുപതിൽ ഉണ്ടായ മടവീഴ്ചയുടെ ഫലമായി കർഷകർക്ക് നൽകാനുള്ള നഷ്ടപരിഹാരം നൽകുന്നതിനു സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ) | മടവീഴ്ചയോടനുബന്ധിച്ച് കർഷകർക്ക് നഷ്ടമായ 40000 കി.ഗ്രാം നെൽവിത്ത് അടിയന്തിരമായി പകരം നൽകുകയുണ്ടായി. പുറംബണ്ട് നിർമ്മിച്ചതിന്റെ 7,96,497/- (ഏഴ് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി നാനൂറ്റി തൊണ്ണൂറ്റി ഏഴ്) രൂപയുടെ ക്ലെയിം ലഭിക്കുകയും തുക അനുവദിക്കുന്നതിനായി കളക്ടർക്ക് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | വീണ്ടും കൃഷി ഇറക്കുന്നതിനു യുദ്ധകാലടിസ്ഥാനത്തിൽ മടകുത്തിയ വകയിൽ നൽകാനുള്ള തുക എത്രയാണ്; ആയതു നൽകുന്നതിലെ കാലതാമസത്തിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ; | (ബി) | മട പുനർ നിർമ്മാണം നടത്തിയ വകയിൽ 7,96,497/- (ഏഴ് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി നാനൂറ്റി തൊണ്ണൂറ്റി ഏഴ്) രൂപ നൽകുവാനുണ്ട്. ആലപ്പുഴ ജില്ലാ കളക്ടർ ടി തുക എസ്.ഡി.ആർ.എഫ്.ൽനിന്നും അനുവദിച്ചിട്ടില്ല. അനുവദിക്കുന്ന മുറയ്ക്ക് ടി തുക നൽകുന്നതാണ്. |
| (സി) | ഈ പാടശേഖരത്തിന്റെ മടകുത്തിയ വകയിൽ നൽകാനുള്ള തുക എപ്പോഴത്തേക്ക് നൽകും എന്ന് വ്യക്തമാക്കുമോ? | (സി) | മട പുനർ നിർമ്മാണം നടത്തിയ വകയിൽ 7,96,497/- (ഏഴ് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി നാനൂറ്റി തൊണ്ണൂറ്റി ഏഴ്) രൂപ നൽകുവാനുണ്ട്. ആലപ്പുഴ ജില്ലാ കളക്ടർ ടി തുക എസ്.ഡി.ആർ.എഫ്.ൽ നിന്നും അനുവദിച്ചിട്ടില്ല. അനുവദിക്കുന്ന മുറയ്ക്ക് ടി തുക നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ